അനക്സ്വർ H4

## കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആരോഗ്യവകുപ്പ്- ജില്ലാ ആശുപത്രിയിലെ ആശുപത്രി അറ്റൻഡൻറ് ഹരിദാസ്.എസ് നെ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള ഉത്തരവ് -പത്ര മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിന് ഉത്തരവ് -പുറപ്പെടുവിക്കുന്നു

പരാമർശം:-1. കുറ്റാരോപണ മെമ്മോ എ6/970/23ജി.മെ.ഒ(ആരോഗ്യം),കൊല്ലം തീയതി 14/09/23

2.ഡോ.സാജൻ മാത്യൂസ്,ഡെ.ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് തീയതി 06/03/24

3..കാരണം കാണിക്കൽ നോട്ടിസ് .എ6/970/2023/ജി.മെ,ഓ(കൊല്ലം തീയതി 15/03/2024

**ഉത്തരവ് നം .എ6/74/2023/ജി.മെ.ഓ(കൊല്ലം) തീയതി 24/10/2024**

ശ്രീ ഹരിദാസ്.എസ് ആശുപത്രി അറ്റൻഡൻറ് ജില്ലാ ആശുപത്രിയിൽ ജോലിയിലിരിക്കെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കുറ്റത്തിന്ന് ടിയാനെതിരെ അച്ചടക്ക നടപടപകൾ ആരംഭിച്ച് പരാമർശം 1 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.കുറ്റാരോപണ മെമ്മോക്കുള്ള പ്രതിവാദ പത്രികയോ ടിയാൻ സമർപ്പിച്ചില്ല,ഔദ്യോഗിക അന്വേഷണത്തിന് ഹാജാരാകാൻ നോട്ടീസ് നൽകുകയും ആയത് പത്ര മാധ്യമങ്ങളിൽ പ്രസിദ്ധികരിച്ചുവെങ്കിലും ടിയാൻ അന്വേഷണത്തിന് ഹാജാരായില്ല.ടിയാനെതിരെ നൽകിയിട്ടുള്ള എല്ലാ കത്തിടപാടുകൾ സ്വീകരിക്കാതെ തിരികെ ലഭിക്കുകയുണ്ടായി.ടിയാനെതിരെയുള്ള ഔദ്യോഗിക അന്വേഷണം 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം നടത്തുവാൻ തീരുമാനിച്ച് നോട്ടിസ് നൽകിയെങ്കിലും അന്വേഷണത്തിന് ഹാജരായില്ല. അന്വേഷണ റിപ്പോർട്ടിൽ വീണ്ടും അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കില്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ടി സാഹചര്യത്തിൽ ശ്രീ ഹരിദാസ്.എസ് ആശുപത്രി അറ്റൻഡൻറ് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 31/07/2023 മുതൽ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ച പരാമർശം 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകുകയും ആയത് പത്രമാധ്യമങ്ങളിൽ പ്രസിദ്ധികരിച്ചുവെങ്കിലും ടിയാൻറെ ഭാഗത്ത് നിന്ന് യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ ഹരിദാസ്.എസ് ആശുപത്രി അറ്റൻഡൻറ് ജില്ലാ ആശുപത്രി,കൊല്ലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 31/07/2023തീയതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു

ഡോ.അനിത.എ
ജില്ലാ മെഡിക്കൽ ഓഫീസർ.കൊല്ലം

സ്വീകർത്താവ്

ശ്രീ ഹരിദാസ്.എസ് ആശുപത്രി അറ്റൻഡൻറ്
ജില്ലാ ആശുപത്രി,കൊല്ലം